PADDY—MILLING OF

304. മിസ്റ്റർ പി. ആർ. കൃഷ്ണനെഴത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവായി മറുപടി പറയുമോ.—

(എ) ഗവൺമെണ്ടിൽനിന്നു നേരിട്ടു എത്ര നെല്ലുകുത്തു മില്ലുകൾ നടത്തുന്നുണ്ട്;

(ബി) എത്ര സഹകാരിമില്ലുകളിൽ ഗവൺമെണ്ടിന്റെ നെല്ല് കുത്തിക്കുന്നുണ്ട്;

(സി) ആവശ്യമുള്ള മില്ലുകൾ ഗവൺമെണ്ടിനു നേരിട്ടു നടത്തുവാൻ എന്താണ് തടസ്സം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) പൂജ്യം.

(ബി) ആറ് എണ്ണം.

(സി) ഇതു് ഗുരുതരവും ഭാരമേറിയതുമായ ജോലിയാണ്. എല്ലാ മില്ലുകളും ഗവൺമെണ്ടുതന്നെ നടത്തുന്നതിനു മുതലപ്പെട്ട ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു പ്രത്യേക സ്റ്റാഫും അതിനുള്ള ചിലവും എല്ലാം വേണ്ടിവരും.

FISH—EXPORT OF

305. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ചെമ്മീൻപരിപ്പ് കയറ്റുമതിക്ക് സെൻട്രൽ ഗവൺമെണ്ടിൽനിന്നും ൩,൦൦൦ ടണ്ണിനു് കയറ്റുമതി കോട്ട തിരുവിതാംകൂറിലേക്കു കിട്ടിയിട്ടുള്ള വിവരം ഗവൺമെണ്ടിനു് അറിയാമോ;

(ബി) അവശ്യമാത്രം അതു ലഭിക്കുന്നതിനുള്ള വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ;

(സി) വാണിജ്യങ്ങളെ വിപുലീകരിക്കേണ്ട ഇന്നത്തെ ക്ഷീണാവസ്ഥയിൽ ഇക്കാര്യത്തിൽ കൊച്ചിക്കും കോട്ട കിട്ടുന്നതിനു വല്ല നടപടികളും എടുത്തിട്ടുണ്ടോ;

(ഡി) എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ ഫലമെന്താണ്;

(ഇ) ഇത്തരത്തിൽ തിരുവിതാംകൂറിനു് കിട്ടിയിരിക്കുന്ന കോട്ടയെ പതിനഞ്ചും ഇരുപതും ശതമാനം കണ്ടിക്കു് ലാഭം കൊടുത്തു നമ്മുടെ സാധു ചെമ്മീൻ വ്യാപാരികൾ അവരിൽനിന്നും വാങ്ങി കയറ്റുന്ന സമ്പ്രദായം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരം ഏർപ്പാടുകളെക്കൊണ്ടു് കൊച്ചിക്കു വല്ല നഷ്ടവും വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) തിരുവിതാംകൂറിനു് ക്ലാസ് I—ക്ലാസ് IV-ൽ ൫,൪൦,൦൦൦ മന്നം ചെമ്മീൻ പരിപ്പ് കയറ്റുമതി കോട്ട അനുവദിച്ചിട്ടുള്ളതായി അറിയാം.

(ബി) അവശ്യമാത്രമല്ല കൊച്ചിക്കു് ക്ലാസ് I—ക്ലാസ് IV-ൽ ൩,൦൦൦ മന്നു് ചെമ്മീൻപരിപ്പ് കയറ്റുമതി കോട്ട ലഭിച്ചിട്ടുണ്ട്. ക്ലാസ്സ്—ക്ലാസ് I-ൽ കൊച്ചിക്കു് ൨,൯൫൩ ഇമ്പീരിയൽ മന്നു് (൨,൪൦,൦൦൦ lbs.) കയറ്റുമതി കോട്ട ഉണ്ടായിരുന്നു.

(സി) ഉവ്വു്. ഗവൺമെണ്ടു് എടുത്ത നടപടികളുടെ ഫലമായിട്ടാണ് മേൽപറഞ്ഞ കോട്ടാ കൊച്ചിക്കു ലഭിച്ചിട്ടുള്ളതു്.

(ഇ) ഇല്ല.

(എഫ്) മൻ ചോദ്യത്തിനുള്ള ഉത്തരംകൊണ്ടു മറുപടി ആവശ്യമില്ല.

CONTROL OF CERTAIN ARTICLES—DETAILS REGARDING

306. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ബങ്കാളിൽനിന്നും മല്ലി, മുളക് മുതലായതുകൾ കൊണ്ടുവരുന്നതിനു് അവിടെ കൺട്രോൾ ഇല്ലെന്നുള്ള സത്യാവസ്ഥ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തിനാണ് നമ്മുടെ രാജ്യത്തും കൺട്രോളുകൾ വെച്ചിരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മല്ലി, മളക് ഇവ കൊണ്ടുവരുന്നതിനു് ബങ്കാളിൽ കൺട്രോൾ ഇല്ലെന്നറിയാം.

(ബി) മല്ലിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കൺട്രോൾ നിലവിലില്ല. മളകിന്റെ കൺട്രോൾ നീക്കം ചെയ്യുവാൻ ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടു്.

PEONS IN THE TEXTILE DEPARTMENT

307. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ടെക്സ്റ്റൈൽ ഡിപ്പാർട്ട്മെണ്ടിൽ ശിപായിമാരായി എത്രപേരെ ക ക ഉ ചിങ്ങംമുതൽ നിയമിച്ചിട്ടുണ്ടു്.

(ബി) അവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) രണ്ടു്.

(ബി) ക. കുസ്യൻ (temporary) ക.
ഉ. ഇഴവ (officiating for one month) ക.

LICENSE FOR HAND-LOOM INDUSTRY

308. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലത്തു ഇല്ലക്കളത്തു വീട്ടിൽ അയ്യപ്പൻ കൃഷ്ണൻകുട്ടി കൈത്തറി നെയ്ത്തു വ്യവസായത്തിനുള്ള ലൈസൻസിനുവേണ്ടി അപേക്ഷ അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണു് അപേക്ഷ അയച്ചതു്;

(ബി) ലൈസൻസു് അനുവദിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണു് ലൈസൻസു് കൊടുക്കാതിരുന്നതു്;

(ഡി) ടിയാൻ അപേക്ഷ അയച്ചതിൽപിന്നെ ലൈസൻസിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള എത്രപേർക്കു് ലൈസൻസുകൾ കൊടുത്തിട്ടുണ്ടു്;

(ഇ) അതു് ആരൊക്കെല്ലാം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ലൈസൻസിനു് അപേക്ഷിച്ചിട്ടില്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) ഉത്തരം ആവശ്യമില്ല.

(ഇ) ഉത്തരം ആവശ്യമില്ല.

TEXT BOOKS FOR STUDENTS—DETAILS REGARDING

309. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) നിശ്ചിത വിലയോടുകൂടിയ പാഠപുസ്തകം കിട്ടണമെങ്കിൽ അതോടൊപ്പം വില നിയന്ത്രിച്ചിട്ടില്ലാത്ത നോട്ടു പുസ്തകങ്ങൾകൂടി വാങ്ങണമെന്നു തൃശ്ശിവപേരൂരിലെ ഒരു പുസ്തക വ്യാപാരി നിർബ്ബന്ധിച്ചിരുന്നതായി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടിയാണു് എടുത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly